# വർണ്ണങ്ങൾ

## മാഗസിൻ 2024-25

## പാവണ്ടൂർ ഹയർസെക്കണ്ടറി സ്കൂൾ







ജില്ല

**കോഴിക്കോട്**

വിദ്യാഭ്യാസ ജില്ല

**താമരശ്ശേരി**

ഉപജില്ല

**ബാലുശ്ശേരി**

പ്രധാനധ്യാപിക

**ശ്രീലത ടി കെ**

മാനേജർ

**ഉദയരാജ് ആർ**

പി ടി എ പ്രസിഡണ്ട്

**ജയരാജൻ എ**

# സന്ദേശം



**ശ്രീമതി. ശ്രീലത ടി. കെ**
**പ്രധാനധ്യാപിക**

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ 2024-25 അക്കാദമിക് വർഷത്തിൽ 'വർണ്ണങ്ങൾ' എന്ന മാസിക പ്രസിദ്ധീകരിക്കുന്നതിൽ ഞാൻ ഏറെ സന്തോഷിക്കുന്നു! നിങ്ങളുടെ സർഗ്ഗാത്മകതയെ പ്രകടിപ്പിക്കാൻ, നിങ്ങളുടെ സങ്കേതിക മികവ് തെളിയിക്കാൻ, നിങ്ങളുടെ ചിന്തകളും ആശയങ്ങളും പങ്കിടാൻ ഇത് ഒരു അവസരമാണ്.

നിങ്ങൾ എല്ലാവരും ഈ മാസിക സൃഷ്ടിക്കുന്നതിൽ എടുത്ത പരിശ്രമത്തിനും നിങ്ങളുടെ സംഘടിത ശ്രമത്തിനും എനിക്ക് ഏറെ അഭിമാനമുണ്ട്.

ഈ മാസിക നിങ്ങളുടെ സർഗ്ഗാത്മകതയും സാങ്കേതിക മികവും പ്രകടിപ്പിക്കാനുള്ള ഒരു വേദിയായി മാറട്ടെ.....

# ദൈവദൂതൻ

രാത്രിയാകാറായി ആ ഗ്രാമം മുഴുവനും നിശബ്ദതയിലേക്കാണ്ടു. കുറച്ചു നാളായി ആ ഗ്രാമത്തെ ജനങ്ങൾ ഇരുട്ടിനെ ഭയക്കുന്നു. ഓരോ ദിവസവും പുലരുമ്പോൾ ആരാണ് തന്റെ ജീവൻ വെടിഞ്ഞതെന്നോർത്താണ് അവർ എഴുന്നേൽക്കുന്നത്. ഒരു കൂട്ടം ആളുകൾ കവർച്ച നടത്താനാണോ എന്തിനാണെന്ന് അറിയില്ല പാതിരാത്രിയാകുമ്പോഴേക്കും കതകിൽ മുട്ടുന്നത് കേൾക്കാം. അത് കാലന്റെ വിളിയാണ്. കാരണം അടുത്ത പ്രഭാതം നാം കാണില്ല എന്നത് ഉറപ്പാണ്. ഇന്നും പതിവു പോലെ നേരം ഇരുട്ടിത്തുടങ്ങും മുമ്പേ ആ ഗ്രാമം നിശബ്ദമായി. ആളുക വീടുകളിൽ അഭയം തേടി. രാഗേഷും ഭാര്യയും രണ്ടുമക്കളും പതിവുപോലെ അത്താഴം കഴിഞ്ഞ് കിടന്നു. പേടിച്ചാണ് അവർ ഉറങ്ങിയത്. പെട്ടെന്ന് വാതിലിൽ ആരോ മുട്ടിവിളിക്കുന്ന ശബ്ദം കേട്ട് അവർ എഴുന്നേറ്റു. രാഗേഷ് മക്കളോട് ശബ്ദിക്കാതിരിക്കാൻ ആവശ്യപ്പെട്ടു. കുറച്ച് കഴിഞ്ഞപ്പോൾ വാതിലിൽ മുട്ടുന്നത് അവസാനിച്ചു. ഒന്നടുത്ത് ചെന്ന് നോക്കിയപ്പോൾ മഴു കൊണ്ട് വാതിൽ തുറക്കാൻ ശ്രമിക്കുന്നതാണ് കാണുന്നത്.അവർ പരിഭ്രാന്തരായി വീടിന്റെ മുകൾ നിലയിലേക്ക് ഓടി. അപ്പോഴേക്കും മുൻ വാതിൽ പൂർണ്ണമായും അവർ നശിപ്പിച്ചിരുന്നു. താഴെ മുഴുവനും തിരഞ്ഞ് അവർ മുകളിലെ പടി കയറാൻ ആരംഭിച്ചു. ആ ശബ്ദം കേട്ട രാഗേഷ് മക്കളെ അലമാരയുടെ പിറകിലായി ഒളിപ്പിച്ചു. ഭാര്യയോട് വാതിലിന്റെ പിറകിൽ നിൽക്കാൻ ആവശ്യപ്പെട്ടു. തന്റെ ധൈര്യം സംഭരിച്ച് രാഗേഷ് കത്തിയുമായി മുറിയുടെ മുൻപിൽ നിന്നു. അവസാനം അവർ നേർക്കുനേർ വന്നു. ശത്രുക്കൾ നാലു പേരുണ്ട്. രാഗേഷിനെ അവർ കൊല്ലാൻ ശ്രമം നടത്തി. ഒരു വിധത്തിൽ കുതറി മാറിയ അവൻ കത്തിയെടുത്ത് വീശി. എന്നാൽ അവർ പേടിച്ച് പിന്നോട്ട് പോയില്ല. മറിച്ച് രാഗേഷിന്റെ കാലിൽ കത്തി കൊണ്ട് കുത്തി. അതു കണ്ട് പേടിച്ച ഭാര്യ ഓടി വന്നു. അവളെ അവർ മുടിക്ക് പിടിച്ച് ചുമരിൽ തലയിടിപ്പിച്ചു. ശേഷം അവളും ബോധരഹിതയായി. മക്കൾ പേടിച്ചിരിക്കുകയാണ്. എങ്ങാനും ആ ക്രൂരന്മാർ തന്റെ മക്കളെ ഉപദ്രവിച്ചാലോ എന്ന് കരുതി അയാൾ അവരെ തടഞ്ഞു. എന്നാൽ അത് വെറുതെയായി. ആ നാലു പേർക്കും രാഗേഷ് എതിരാളിയായിരുന്നില്ല. അതിനാൽ അവർ രാഗേഷിനെ വളരെ പെട്ടെന്ന് തന്നെ കീഴ്പ്പെടുത്തി. പിന്നീട് അവർ അവശേഷിക്കുന്നത് ആളുകളെ തിരയാൻ ആരംഭിച്ചു. ആ സമയം വെറും മൂന്ന് വയസ്സ് മാത്രമുണ്ടായിരുന്ന ഇളയ കുഞ്ഞ് തന്റെ പേടി കൊണ്ട് അറിയാതെ കരഞ്ഞു പോയി. അതു കേട്ട അവർ കുഞ്ഞുങ്ങൾ ഒളിച്ചിരിക്കുന്ന സ്ഥലം മനസ്സിലാക്കി അവരെ പിടിച്ചു. മക്കളുടെ കരച്ചിൽ കേട്ട് രാഗേഷ് എഴുന്നേറ്റും തന്റെ പരമാവധി അവൻ അവരെ തടയാൻ ശ്രമിച്ചു. പക്ഷെ തികച്ചും ക്രൂരന്മാരായ അവർ അയാളുടെ ഇളയ കുഞ്ഞിന്റെ നേരെ കത്തി കാണിച്ചു. രാഗേഷ് നിശ്ചലനായി. അയാൾ കേണപേക്ഷിച്ചു. അവർക്ക് എത്ര പണം വേണമെങ്കിലും നൽകാം എന്ന് വാഗ്ദാനം ചെയ്തു.അവർ വഴങ്ങിയില്ല. കുഞ്ഞുങ്ങളുടെ കരച്ചിൽ ആ ഗ്രാമം മുഴുവനും മുഴങ്ങി. അയൽക്കാരെല്ലാം ഉണർന്നു. എന്നാൽ ആരും ആ കരച്ചിലിന് കാതോർത്തില്ല. സ്വന്തം ജീവനായിരുന്നു എല്ലാവർക്കും പ്രധാനം. നേരം പുലരുന്നതുവരെ എങ്ങനെയെങ്കിലും പിടിച്ചു നിൽക്കണം. രാവിലെയായാൽ പോലീസ് എത്തു രാവിലെ ഈ ക്രൂരന്മാർ പുറത്തിറങ്ങില്ല. കാരണം ഇവർ നാട്ടിൽ വലിയ വലിയ പദവിയിലുള്ളവരാണ്. എന്നാൽ ആ പദവി എന്നും നിലനിൽക്കാൻ വേണ്ടി ഏതെല്ലാമോ മന്ത്രവാദിയുടെ വാക്കും കേട്ട് മനുഷ്യബലി നടത്തുകയാണ് ഇവർ ചെയ്യുന്നത്. അതിനാണ് ഓരോ രാത്രിയും അവർ ഇത്തരത്തിൽ വീടുകൾ ആക്രമിക്കുന്നത്. ഇത് മനസ്സിലാക്കിയ രാഗേഷ് ബോധം കെട്ടതുപോലെ അഭിനയിച്ച് കിടന്നു. അവർ നാലു പേരും കുട്ടികളെ ബലി നൽകാനായി കൊണ്ടുപോകുന്ന സമയം ഭാര്യയെ വിളിച്ചുണർത്തി. പിന്നീട് അവരറിയാതെ പിന്നാലെ ചെന്ന് ഓരോരുത്തരെയായ് കീഴ്പ്പെടത്തി. കുട്ടികളെ രക്ഷിച്ചു. അവർ വേഗം പടിയിറങ്ങി മുൻ വാതിലിലൂടെ പുറത്തേക്കിറങ്ങി. അപ്പോഴേക്കും നേരം രണ്ട് മണിയായിരുന്നു. എന്നാൽ അപ്രതീക്ഷിതമായ് അവർ വീടിന്റെ പിറകിൽ നിന്നും ആ നാലു പേരുടെ കൂട്ടത്തിലൊരാൾ വന്ന് അവരെ പിൻതുടർന്നു. ശേഷം ഒരു കുഞ്ഞിനെ കൈക്കലാക്കി. രാഗേഷിന് എന്തു ചെയ്യണം എന്നറിയില്ലായിരുന്നു. അവർ

കീഴടങ്ങി. തന്റെ മക്കളെ കൊല്ലുന്നതിലും നല്ലത് താൻ മരിക്കുന്നതാണ് എന്ന് രാഗേഷ് തീരുമാനിച്ചു. രാഗേഷും കുടുംബവും രാത്രിയോടെ അവസാനിച്ചു എന്ന് അവർക്ക് ഉറപ്പിക്കണമായിരുന്നു. കാരണം അവരുടെ യഥാർത്ത മുഖം കണ്ട ഒരേയൊരാൾ രാഗേഷ് മാത്രമാണ്. അവർ തിരിച്ച് വീട്ടിലേക്ക് നടന്നു. എന്നാൽ അവരുടെ ജീവനുവേണ്ടിയുള്ള നിലവിളി കേട്ടതുപോലെ ഒരു ദേവദൂതൻ അവരുടെ മുന്നിൽ പ്രത്യക്ഷപ്പെട്ടു. അയാൾ പോലീസിനെയും കൊണ്ടായിരുന്നു എത്തിയത്. കുറച്ചു നേരത്തെ പരിശ്രമത്തിനൊടുവിൽ പോലീസ് അവരെ കീഴടക്കി. ഒട്ടും പ്രതീക്ഷിക്കാതെ രാഗേഷിനും കുടുംബത്തിനും ജീവൻ തിരിച്ചു കിട്ടി.അവന്റെ സുഹൃത്തും അയൽക്കാരനുമായ ജഗതീഷായിരുന്നു അവരെ രക്ഷിക്കാൻ മുൻകൈ എടുത്ത ആ വ്യക്തി ജഗതീഷു കാരണം സമൂഹത്തിൽ നല്ല മുഖം മൂടിയണിഞ്ഞ ഒരുപാടുപേരെ തിരിച്ചറിഞ്ഞു. മനസ്സിൽ ദുഷ്ചിന്തകളുമായി നടന്നിരുന്ന ഒരുപാടു പേരെ കണ്ടെത്താൻ സാധിച്ചു. കൂടാതെ രാഗേഷിന്റേയുംകുടുംബത്തിന്റേയും കൺകണ്ട ദൈവമായി ജഗതീഷ് മാറി.

## നിഴലുറങ്ങുന്ന വഴികൾ

നിശ്ചലമാണിവ......
അങ്ങകലെ പ്രകാശം ഒളിപ്പിച്ച്
ആർക്കും വേണ്ടാതെ
അനാഥമായി ഉറങ്ങുന്ന
ആ അതുല്യപാതകൾ....
അങ്ങകലെ ഉദയസൂര്യനെ
കാത്ത് അനശ്വരമായ
സൂര്യകിരണതിനു വേണ്ടി
കണ്ണിമകൾ ചിമ്മാതെ ആ
പാതകൾ മന്ത്രനാദം
മുളവെ....ആത്മാവുതൻ
കാലിലെ ചിലങ്കകൾതൻ സ്വര-
ത്താൽ ആ വിഥിയിൽ സ്പ-
ർശിക്കവേ ആ അനർഘ നിമി-
ശതിൽ ആത്മാവുകളെ-
ങ്കില്ല മൗനതിലാഢ
ആ പാതകൾക്ക് കൂട്ടായി
അവശേഷിക്കയാണ്........

ദേവിക ടി എം

# സമയമില്ലാലോകം

കേരനിരകളും പച്ചപ്പും നിറഞ്ഞ ഒരു മനോഹരമായ കൊച്ചു ഗ്രാമമാണ് കേരളം,ആ കൊച്ചു കേരളത്തിലെ ഒരു ഫ്ലാറ്റിലാണ് അമ്മുവിന്റെ താമസം . രാജുവിന്റെയും നിളയുടെയും ഒരേയൊരു മകളാണ് അമ്മു. വളരെയധികം സ്നേഹത്തോടെയും വാത്സല്യത്തോടെയും ആണ് മാതാപിതാക്കൾ അമ്മുവിനെ നോക്കുന്നത്. അവൾക്കു വേണ്ട കളിപ്പാട്ടങ്ങളും ഭക്ഷണങ്ങളുമെല്ലാം അവർ അവൾക്ക് നൽകിയിരുന്നു. അവൾക്ക് അഞ്ചാം വയസ്സായപ്പോഴാണ് അവളുടെ മാതാപിതാക്കൾ പട്ടണത്തിലുള്ള ഫ്ലാറ്റിലേക്ക് മാറിയത്. എന്നാൽ അവൾക്ക് വയസ്സ് 9 ആയി എന്നിട്ടും അവൾക്ക് അവർ ഒരു കുറവും വരുത്തിയിട്ടില്ല. അവൾക്ക് വേണ്ട എല്ലാ സാമഗ്രികളും അവർ വാങ്ങിക്കൊടുത്തു. എന്നാൽ അവർ ഒരു കാര്യം മാത്രം മറന്നു അവൾക്ക് വേണ്ട സ്നേഹവും വാത്സല്യവും നൽകാൻ,കുറേ ദിവസങ്ങൾ കഴിഞ്ഞു അവരുടെ സ്നേഹം അമ്മുവിന് ലഭിച്ചില്ല. ഒരു സായാഹ്ന ദിവസം അവൾ നേരത്തെ ഉണർന്നു. അവൾ വാതിൽ തുറന്നു പുറത്തേക്ക് നോക്കി  പുറത്താണെങ്കിൽ മഴ തകർത്തു പെയ്യുകയാണ്. അവൾ ആ മഴ കണ്ട് ആസ്വദിച്ചിരുന്നു. മഴയും നോക്കി അമ്മു അവളുടെ കഴിഞ്ഞു പോയ ദിവസങ്ങൾ ഓർത്തു. എത്ര സുന്ദരമായിരുന്നു ആ ദിവസങ്ങൾ ഇനി എനിക്ക് സ്നേഹവും വാത്സല്യവുമുള്ള മാതാപിതാക്കളെ എന്നാണ് ലഭിക്കുക അവൾ സങ്കടത്തോടെ പറഞ്ഞു. മഴ നിലച്ചു. സ്കൂളിൽ പോകാൻ സമയം വൈകി അവൾ വേഗം കുളിച്ച് മുടി കെട്ടാനുള്ള റിബണുമായി അമ്മയുടെ അരികിലേക്ക് നടന്നു. അമ്മേ... അമ്മേ... എനിക്ക് മുടി ഒന്ന് കെട്ടി തരുമോ അവൾ അമ്മയോട് ചോദിച്ചു. അപ്പോൾ അമ്മയുടെ മറുപടി ഉടൻതന്നെ വന്നു. ഇല്ല അമ്മു എനിക്ക് തീരെ സമയമില്ല നീ വലുതായില്ലേ നിനക്ക് തന്നെ കെട്ടിയാൽ പോരെ എന്ന് ദേഷ്യത്തിൽ അമ്മ പറഞ്ഞു. ഇതുകേട്ട അവൾക്ക് സങ്കടമായി അവളുടെ ജ്വലിച്ചു നിന്ന നക്ഷത്ര കണ്ണുകളിൽ നിന്നും തുറന്നിട്ട പൈപ്പ് പോലെ കണ്ണുനീർ ഒഴുകി. പെട്ടെന്നാണ് അവളുടെ സ്കൂൾ ബസിന്റെ ഹോൺ അവൾ കേൾക്കുന്നത്. അവൾ ബാഗുമെടുത്ത്  ഓടി. പക്ഷേ അപ്പോഴും അവളുടെ കയ്യിലുള്ള റിബൺ അവൾ മുറുകെ പിടിച്ചിരുന്നു. ഓടുന്നതിനിടയിൽ അവളുടെ കാൽ തട്ടി നിലത്തിരുന്ന ചെടിച്ചട്ടികൾ ഓരോ കഷണങ്ങളായി നിലത്ത് വീണു. ഇത് കണ്ട അവളുടെ അച്ഛൻ അവളെ ഒരുപാട് അടിച്ചു. നിർത്തിയിട്ട സ്കൂൾ ബസ്സിലേക്ക് അവൾ കണ്ണ് തുടച്ചു കൊണ്ട് നടന്നു. സ്കൂളിൽ എത്തി കൂട്ടുകാരോട് അവൾ എല്ലാം പറഞ്ഞു,എനിക്ക് ഈ സമയമില്ലാത്ത ലോകത്ത് ജീവിക്കുന്നത് ഇഷ്ടമില്ല ഞാൻ ഇവിടെ മടുത്തു, ഈ വൃത്തികെട്ട ഈ ലോകത്തെ... അവൾ ചുവന്നു കലങ്ങിയ കണ്ണു തുടച്ചു പറഞ്ഞു. അവളുടെ കൂട്ടുകാർ അവളെ സമാധാനിപ്പിച്ചു. എന്നിട്ടും അവളുടെ മനസ്സിൽ ഉണ്ടായിരുന്ന ആ തീ അണഞ്ഞിട്ടില്ലായിരുന്നു. അവൾ നേരത്തെ വീട്ടിലെത്തി സ്കൂൾ ബാഗും എറിഞ്ഞു കൊണ്ട് അവൾ അകത്തേക്കോടി. ഒടുവിൽ ആ ഇരുട്ടിന്റെ ലോകത്തേക്ക് അവൾ വിട വാങ്ങി.  കൊഴിഞ്ഞുവീണ ഇതളുകളെ പോലെ അവളും പൊഴിഞ്ഞുപോയി. ഈ ലോകത്തുനിന്നും അവൾ വിടവാങ്ങി

തേജാലക്ഷ്മി

# നിശബ്ദമായ ദിനങ്ങൾ

ഒരു നാളിൽ എന്നുണ്ണി കൺതുറന്ന -
പ്പോൾ എന്തെന്നില്ലാതെ മനം
നിറഞ്ഞു. കണ്ണിന്റെ വെള്ളയെ
പോലെ നോക്കാൻ എൻ മനം
വല്ലാതെ വീർപ്പുമുട്ടി. മൗനത്തിന്റെ
എൻ മുഖം ചോത്തു നിന്നു
ഒരുദിനം എൻ പൊന്ന് കണ്ണ്
പൂട്ടി എന്താന്നറിയില്ല കൺ
നനഞ്ഞു പിന്നെയില്ലാ ഞാനെൻ
വീടിനോടോ വീട്ടുകാരോടോ ഒന്നു മിണ്ടാൻ
തോന്നിയതില്ല. നിശബ്ദമായുള്ള
ദിനങ്ങൾ കഴിയെ വന്നു വെൻ
ജീവിതത്തിലേക്കൊരു കിളി കുഞ്ഞ്
കിളിയിക്കുമില്ലൊരു ഈണം പറയാൻ
മുള്ളാൻ പോല്യമൊരു കഥയില്ലാ
എൻ ഉണ്ണിയെ ഞാൻ ഓർത്തു പോയി
അറിയാതെ എൻ കണ്ണ് നിറഞ്ഞുപോയി
മൗനമാണിപ്പോൾ എൻ രാഗം
നിശബ്തമാണിപ്പോൾ എൻ ജീവിതം
കാണാനുമില്ലെന്ന് പറയാനുമില്ലെന്ന്
എൻ ജീവനാകെ നിശബ്ദ രാഗങ്ങൾ
നിറഞ്ഞു കവിഞ്ഞു ഒഴുകുന്നിതാ

കദീജ ശിഫ

# സമയം

പതിവിനും വൈകിയായിരുന്നു അന്ന് രാവിലെ അമ്മു സ്കൂളിലേക്ക് പോകാനായി എഴുന്നേറ്റത്. അമ്മയോട് ആവശ്യത്തിലധികം വഴക്ക് കേട്ട് കൊണ്ടാണ് അമ്മു എഴുന്നേറ്റത്. എന്നും രാവിലെ പതിവ് തെറ്റിക്കാതെ കൃത്യസമയത്ത് എഴുന്നേൽക്കുന്ന അമ്മു ഇന്നലെ രാത്രി വൈകി കിടന്നതിനാൽ രാവിലെ എഴുന്നേൽക്കാൻ വൈകി. പിന്നീട് അമ്മു പതിവുപോലെ തിരക്കുപിടിച്ച് സ്കൂളിലേക്ക് പോയി. രാവിലെ ഭക്ഷണം പോലും കഴിക്കാതെയാണ് അമ്മു വീട്ടിൽ നിന്ന് ഇറങ്ങിയത്. അന്നൊരു വെള്ളിയാഴ്ച ദിവസം ആയിരുന്നു. അമ്മുവിന്റെ വീട്ടിൽ നിന്ന് സ്കൂളിലേക്ക് കുറച്ചധികം ദൂരം നടക്കാനുണ്ടായിരുന്നു. തിരക്കു പിടിച്ച് ധൃതിയിൽ അമ്മു റോഡിലൂടെ ഓടി, അപ്പോൾ പിറകിൽ നിന്ന് ഒരു ബൈക്ക് വന്നിരുന്നു. അമ്മുവിനെ കണ്ട് അയാൾ ഒരുപാട് ഹോൺ അടിക്കുകയും വിളിച്ചു പറയുകയും ചെയ്തു. അമ്മ റോഡിന്റെ സൈഡിലൂടെ അല്ലായിരുന്നു ഓടിയത്. ഭാഗ്യത്തിനാണ് അമ്മു രക്ഷപ്പെട്ടത്. അയാൾ ഹോൺ അടിച്ചിട്ടില്ലായിരുന്നെങ്കിൽ ഒരുപക്ഷേ അമ്മുവിന്റെ ജീവൻ അപകടത്തിലായേനെ. സ്കൂളിലേക്ക് ധൃതിപിടിച്ചു പോകുന്ന അമ്മു അപകടത്തിൽപ്പെട്ട്ഹോസ്പിറ്റലിലേക്ക് പോകേണ്ടി വന്നേനെ. അമ്മുവിന് ഭയമായിരുന്നു സ്കൂളിൽ വൈകിച്ചെന്നാൽ ടീച്ചർമാരോട് വഴക്ക് കേൾക്കുമോ എന്ന്. രാവിലെ ഭക്ഷണം കഴിക്കാതെ വീട്ടിൽ നിന്ന് ഇറങ്ങിയതുകൊണ്ട് അമ്മുവിന് ഓടാനുള്ള ആക്കം ഉണ്ടായിരുന്നില്ല. എങ്കിലും അവൾ ഓടിയോടി ക്ഷീണിച്ച് സ്കൂളിലെത്തി. അമ്മു വന്നപ്പോഴേക്കും പ്രാർത്ഥന കഴിഞ്ഞ് ബെല്ല് അടിച്ചിരുന്നു. അവൾ വേഗം നടന്ന് അവളുടെ ക്ലാസ്സിൽ എത്തിയപ്പോൾ അവൾക്ക് അവളുടെ ക്ലാസ് ടീച്ചറോട് വഴക്ക് കേട്ടു. ഇന്ന് വെള്ളിയാഴ്ചയും ആണ്. അന്ന് അമ്മുവിന് മനസ്സിലായി സമയം എന്നാൽ ജീവിതത്തിൽ പ്രധാനപ്പെട്ട ഒന്നാണെന്ന്. പിറ്റേദിവസം മുതൽ എല്ലാ ദിവസവും കുറച്ച് നേരത്തെ എഴുന്നേറ്റ് സ്കൂളിൽ പോയിരുന്നു. സമയം എന്നാൽ നമ്മുടെ ജീവിതത്തിൽ വളരെയധികം പ്രധാനപ്പെട്ട വിലയേറിയ ഒന്നാണ്. സമയത്തിനനുസരിച്ച് കാര്യങ്ങൾ ചെയ്യേണ്ടത് നമ്മുടെ കടമയാണ്.

അവന്തിക എസ് എസ്

## മൗനം

മൗനമാണ് എൻ പടച്ചട്ട എൻ ആയുധം

അതിൻ മറവിൽ എൻ കണ്ണുകൾ പൊത്തുന്നു

ഞാൻ എൻ ഹൃദയത്തിൽ നിറഞ്ഞു നിന്ന സ്വപ്ന

സാഗരമറ അവിടേക്ക് ഞാൻ മൗനത്തെ ക്ഷണിക്കുന്നു.

അറിയാതെ മൗനത്തെ ഞാൻ സ്നേഹിക്കുന്നു.

എൻ കണ്ണിൽ നിറഞ്ഞു നിൽക്കുന്ന ഏകാന്തത

നിറഞ്ഞ മൗനമാം രാത്രിയിൽ എൻ മനസ്സ് തുറക്കുന്നു........

അനൂഷ്ക രതീപ്

# തിരക്കിനിടയിൻ

പട്ടിണിയിലായിരുന്നു അമ്മുവും അവളുടെ അച്ഛനമ്മമാരായ നീലിമയും ഹരിദാസും താമസിച്ചിരുന്നത്. ഒരുപാട് കാലം അവർ ഒരു കൊച്ചു ഗ്രാമത്തിലായിരുന്നു താമസിച്ചിരുന്നത്. നീലിമയ്ക്കും ഭർത്താവ് ഹരിദാസിനും ജോലി കിട്ടിയതിന് ശേഷമാണ് അവർ പട്ടണത്തിലേക്ക് താമസം മാറിയത്.അമ്മുവിന് മുത്തച്ഛനേയും മുത്തശ്ശിയേയും വിട് പോകുന്നതിൽ നല്ല വിശമമുണ്ട്.അമ്മവിന്റെ അച്ഛനും അമ്മയും കൃത്യനിഷ്ഠത പാലിക്കുന്നവരായിരുന്നു. അമ്മുവാണേൽ നേരെ തലകീഴും. ഗ്രാമത്തിലെ പോലെ അച്ഛനമ്മമാരിൽ നിന്ന് അവൾക്ക് വേണ്ടത്ര പരിചരണം ഇവിടെ നിന്ന് കിട്ടുന്നുണ്ടായിരുന്നില്ല. രാവിലെ ജോലിക്ക് പോകുമ്പോൾ അമ്മുവിനോട് സംസാരിക്കാൻ പോലും അച്ഛനമ്മമാർക്ക് സമയമില്ല.അവളുടെ കാര്യങ്ങൾ ചോദിച്ചറിയാനും ആർക്കും സമയമുണ്ടായിരുന്നില്ല. ജോലി കഴിഞ്ഞ് വീട്ടിൽ വന്നാൽ അച്ഛനമ്മമാർക്ക് അവരുടേതായ കാര്യങ്ങളായിരിക്കും. അതിനിടയിൽ അമ്മു ഒറ്റയ്ക്ക്. 8 വയസ്സുള്ള കുട്ടിക്ക് തോന്നുന്ന കാര്യങ്ങൾ അവൾ രാത്രി ചിന്തിച്ചു കൂട്ടി സങ്കടപ്പെടും.അമ്മുവിന് സ്കൂളിലെ ഫാഷൻ പരേഡിന് സെലക്ഷൻ കിട്ടിയിരുന്നു.അവൾ ഇത് വീട്ടിൽ ചെന്ന് പറഞ്ഞപ്പോൾ അമ്മ യാതൊരു ശ്രദ്ധയും കൊടുക്കാതെ തന്റേതായ കാര്യങ്ങൾ നോക്കി. ഇത് എത്ര മാത്രം ആ കുഞ്ഞു മനസ്സിനെ സങ്കടപ്പെടുത്തുന്നുണ്ടെന്നോ? സ്കൂളിൽ മീറ്റിംഗ് വിളിച്ചതിലും അമ്മുവിന്റെ രക്ഷിതാക്കൾ ഉണ്ടായിരുന്നില്ല.അമ്മു നോക്കുമ്പോൾ ആരും ഉണ്ടായിരുന്നില്ല.അമ്മുവിന്റെ സങ്കടപ്പെട്ട മുഖം കണ്ട് ടീച്ചർ അവളോട് കാര്യങ്ങൾ തിരക്കി. കാര്യമറിഞ്ഞ ഉടൻ തന്നെ ടീച്ചർ അമ്മുവിന്റെ അച്ഛനമ്മമാരെ വിളിച്ചു വരുത്തി അമ്മുവിനെ കുറിച്ചും എത്ര വലിയ ജോലിത്തിരക്കാണെങ്കിലും മക്കളെ നോക്കണമെന്നും കുറച്ച് സമയമെങ്കിലും അവർക്കായി മാറ്റി വെക്കണമെന്നും അവരുടെ കൊച്ചു കൊച്ചു ആഗ്രഹങ്ങൾ സാധിച്ചു കൊടുത്താൽ അത് അവരുടെ കുഞ്ഞു മനസ്സിനെ സന്തോഷിപ്പിക്കുമെന്നും പ്രധാന അധ്യാപിക വെളിപ്പെടുത്തി. ഇതിനു ശേഷം അമ്മുവിന്റെ കാര്യങ്ങൾ കേൾക്കാനും ഇഷ്ടമുള്ള സ്ഥലത്ത് കൊണ്ടുപോകാനും അവരുടെ തിരക്കുപിടിച്ച ജീവിതത്തിൽ അമ്മുവിനെ സ്നേഹിച്ച് ലാളിച്ച് അമ്മുവിന്റേത് മാത്രമാണെന്ന് തെളിയിച്ച് നീലിമയും ഹരിദാസും അമ്മുവിനോടൊപ്പം നിന്നു. ഈ കഥയിലൂടെ നമുക്ക് മനസ്സിലാക്കാം രക്ഷിതാക്കളുടെദൈനന്ദിന ജീവിതത്തിൽ മക്കളെ മറക്കരുത് എന്ന്.

# തേങ്ങുന്ന   മരങ്ങൾ

ഓർക്കാൻ മറക്കരുതേ...

ഭൂമിതൻ മാധുര്യം അറിഞ്ഞവരാണ് മനുഷ്യർ..

ഭൂമിതൻ സ്നേഹതണൽ അറിഞ്ഞവരാണ് മനുഷ്യർ

എന്നിട്ടെന്തേ.. ഭൂമിയിൽ

പടർന്നുപന്തലിച്ച മരങ്ങൾ തൻ നോവറിഞ്ഞില്ല..

അറിയാമായിരുന്നിട്ടും   എന്തേ ഓർത്തില്ല... .

കൊടുംചൂടിൽ അവ തങ്ങൾ

തൻ ചെറുശിഖരങ്ങൾ

ഉയർത്തി തണലേകിയപ്പോളെങ്കിലും ഓർത്തുകൂടായിരുന്നോ..

അവതൻ മാധുര്യമാർന്ന

ഫലങ്ങൾ ഭക്ഷിച്ചപ്പോളെങ്കിലും  ഓർത്തുകൂടായിരുന്നോ..

മരങ്ങൾ തൻ ശീതളകുളിർമയിൽ അവ നമ്മെ തലോടി-

യപ്പോൾ.. നാം.. ചോരകതിർന്ന

തലോടലുകൾ തിരിച്ചു നൽകി..

അവതൻ നിലവിളികൾആരും ശ്രദ്ധിച്ചില്ല

ആർക്കുവേണ്ടി   അവ നിലകൊള്ളണം..?

മരങ്ങൾക്ക് പറയാൻ      നാവുണ്ടായിരുന്നെങ്കിൽ

അവയെന്നേ പറയുമായിരുന്നു

"മനുഷ്യരെ നിങ്ങൾ ഇത്രയും ക്രൂരരോ..."     സഹായഹസ്തങ്ങൾ നൽകി-

യില്ലെങ്കിലും നോവിൻ കണികൾ നൽകാതിരുന്നുകൂടെ...

ജീവൻ ആത്മാവിൽ അലിഞ്ഞുചേരും പോലെ

മരങ്ങൾ പ്രകൃതിയിൽ  അലിഞ്ഞുചേരും...

മരങ്ങളില്ലെന്നാൽ പ്രകൃതി-

തൻ ദുരാവസ്ഥ ഓർക്കുവിൻ..

പ്രകൃതി തൻ ത്യാഗജന്മ-

ങ്ങളിലായി മരങ്ങൾ നിലകൊള്ളവേ..

അവതൻ അന്തകരാവരുതേ

മനുഷ്യ ജന്മങ്ങൾ...

മനുഷ്യരാശിക്കു നേരെ ആ വെല്ലുവിളികൾ ഉയരുമ്പോൾ

"മനുഷ്യരെ നിങ്ങൾ

ഇത്രയും ക്രൂരരോ..."

# ഘടികാരം നിലച്ച സമയം.

അന്നിവിടെ ഒരു ജീവനും ബാക്കി വന്നില്ല. പിഞ്ചുകുഞ്ഞുങ്ങൾ മുതൽ വൃദ്ധന്മാർ വരെയുള്ള എല്ലാ മനുഷ്യ ജീവനും പൊലിഞ്ഞു. ആർക്കും ഒന്ന് പൊട്ടിക്കരയാൻ പറ്റാത്ത വിധമായിരുന്നു അന്നിവിടെ ഉള്ളവർക്ക് മരണം അഭിമുഖീകരിച്ചത്. ഹിരോഷിമയിൽ ബോംബ് വർഷമായിരുന്നു അത്. രണ്ട് രാജ്യങ്ങൾ തമ്മിലുള്ള വൈരാഗ്യം ആയിരുന്നു ആ ജീവനുകൾ പൊലിയാനിടയായത്. ഹിരോഷിമയിൽ ജീവിച്ചിരുന്ന സാധാരണക്കാരനായ ഒരു കച്ചവടക്കാരൻ ആയിരുന്നു ജെയിംസ്. അദ്ദേഹത്തിന് പ്രായമായ അമ്മയും ഒരു ഭാര്യയും രണ്ട് മക്കളും അടങ്ങുന്നതായിരുന്നു കുടുംബം. അദ്ദേഹത്തിന്റെ അമ്മയായ മേരി തളർന്നു കിടപ്പിലാണ് ജെയിംസിന്റെ അച്ഛനായ ഫെർനാഡസ് ഒരു ബിസിനസ് മാൻ ആയിരുന്നു. അദ്ദേഹത്തിന് ഒരു വലിയ കമ്പനി ഉണ്ടായിരുന്നു എന്നാൽ ആ കമ്പനി വൻ നഷ്ടമായപ്പോൾ തകർന്നു പോയി. അങ്ങനെ പെട്ടെന്നുള്ള ഈ വിവരം ലഭിച്ച ജെയിംസിന്റെ അച്ഛന് ഹൃദയാഘാതം മൂലം മരണമടഞ്ഞു. അങ്ങനെ കടത്തിൽ മുങ്ങി ഏക മകനായ ജെയിംസ് അദ്ദേഹം തന്റെ വീടും സ്വത്തുക്കളും എല്ലാം വിറ്റു കടം വീട്ടി. അങ്ങനെ അദ്ദേഹത്തിന് എല്ലാം നഷ്ടമായി ദരിദ്രനായി. താൻ കൈപ്പണി ഒക്കെ ചെയ്തു കൊണ്ടുണ്ടാക്കുന്ന പണം കൊണ്ടാണ് ആ കുടുംബം ജീവിച്ചു പോകുന്നത്. പെട്ടെന്ന് ഒരു ദിനത്തിൽ ഹിരോഷിമയും അമേരിക്കയും യുദ്ധം പ്രഖ്യാപിച്ചു. ഇതു കേട്ട ഹിരോഷിമ ജനങ്ങൾ പരിഭ്രാന്തരായി. ജെയിംസ് തന്റെ കുടുംബത്തിന്റെ അടുക്കലേക്ക് പോയി എന്നിട്ട് തന്റെ ഭാര്യയോട് പറഞ്ഞു: ' അപകടം ഉണ്ടാവാൻ പോവുന്നു, സൂക്ഷിക്കണം'. ഭാര്യ ഒന്നുമറിഞ്ഞിരുന്നില്ല. ഭാര്യ ചോദിച്ചു ' നിങ്ങൾക്ക് എന്താ പറ്റിയെ, എന്ത് അപകടം വരുമെന്നാ പറയുന്നേ' ജെയിംസ് പരിഭ്രാന്തിയോടെ പറഞ്ഞു. ' നമ്മുടെ രാജ്യത്തെ ആക്രമിക്കാൻ അമേരിക്ക ഒരുങ്ങുന്നു'. ആ സമയം അയാളുടെ രണ്ട് മക്കളും സ്കൂൾ വിട്ട് വീട്ടിലേക്ക് വരുന്നു. ആ സമയം ദൂരെ മുകളിലെ ആകാശത്തുനിന്ന് യുദ്ധവിമാനത്തിൽ നിന്ന് ഒരു ബോംബ് വരുന്നത് കണ്ടു. ജെയിംസ് ആക്രാശിതനായി. അയാൾ തന്റെ ഭാര്യയെയും അമ്മയെയും മക്കളേയും കെട്ടിപ്പിടിച്ച് പ്രാർത്ഥിച്ചു. പക്ഷേ, അപ്പോഴേക്കും ആ വീട്ടിലെ ഘടികാരം നിലച്ചു. ആ പ്രദേശത്ത് ഒരു കാഹള ശബ്ദം മുഴങ്ങി. ആകാശം കറുപ്പ് നിറമായി. ആരുടെയും ജീവന്റെ തുടിപ്പുകൾ കേട്ടില്ല. എല്ലാം അവസാനിച്ചു. അവിടെ ഒന്നിന്റെയും ശബ്ദം പിന്നീട് കേട്ടില്ല. ഒരു തുടിപ്പും ബാക്കി വന്നിട്ടുമില്ല. ആ ഘടികാരം നിലച്ച സമയം ഈ ലോകത്തെ മഹാചരിത്ര സ്മാരകമായ അനേകം ജീവനുകൾ പൊലിച്ച ഒരു സംഭവമായിരുന്നു അത്.

**അഭിജയ് ശങ്കർ**


The End